# نصيحة الجمعة


تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨


**തീയതി : 11/08/2017 വിഷയം :**

## സ്വാതന്ത്ര്യം നിലനിൽക്കണം

فَهَزَمُوهُمْ بِإِذْنِ اللَّهِ وَقَتَلَ دَاوُودُ جَالُوتَ وَآتَاهُ اللَّهُ الْمُلْكَ وَالْحِكْمَةَ وَعَلَّمَهُ مِمَّا يَشَاءُ ۗ وَلَوْلَا دَفْعُ اللَّهِ النَّاسَ بَعْضَهُمْ بِبَعْضٍ لَفَسَدَتِ الْأَرْضُ وَلَٰكِنَّ اللَّهَ ذُو فَضْلٍ عَلَى الْعَالَمِينَ﴿البقرة: ٢٥١﴾

➢ ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് 70 വർഷം തികയുകയാണ്. 70 വർഷം കൊണ്ട് രാജ്യം വലിയ പുരോഗതി പ്രാപിച്ചു. ലോക രാജ്യങ്ങൾക്ക് ഒപ്പം നിൽക്കാൻ ഇന്ത്യക്ക് കഴിഞ്ഞു.

1947കളിലെ മീറ്റർഗേജിൽ നിന്ന് നാം മെട്രോയിൽ എത്തിനിൽക്കുകയാണ്. ശാസ്ത്രരംഗത്ത് വൻകുതിച്ചു ചാട്ടം നടത്തിക്കൊണ്ട് ''മംഗൾയാൻ''(ബഹിരാകാശ പേടകം) സ്വന്തമായി വിക്ഷേപിക്കാൻ കഴിഞ്ഞു. ഇന്ന് നമ്മുടെ ISRO റോക്കറ്റുകൾ പാശ്ചാത്യരാജ്യങ്ങൾ വാടകക്ക് ഉപയോഗിക്കുന്നവിധം നാം വളർന്നു. രാജ്യത്തെ ഉയർന്ന സാങ്കേതിക വിദ്യാഭ്യാസം നേടിയ അനേകായിരം പേർ ലോക രാജ്യങ്ങളിൽ ഉയർന്ന സേവനം ചെയ്യുന്നു.

സൈനീരംഗത്ത് ഇന്ത്യ നാലാം സ്ഥാനത്താണ്. ഇങ്ങനെ സർവ്വരംഗത്തും നമ്മുടെ രാജ്യം പുരോഗമിച്ചു. എന്നാൽ ഇതെല്ലാം രാജ്യത്തിന്റെ ബാഹ്യമായ വളർച്ചയാണ്.

➢ രാജ്യത്തിന്റെ യഥാർത്ഥ പുരോഗതി ആത്മാവിന്റെ വളർച്ചയാണ്, അത് പിറവി എടുത്തപ്പോൾ ഉ ായിരുന്ന ആദർശ നയനിലപാടുകളുടെ സംരക്ഷണമാണ്. അവിടെയാണ് പാക്കിസ്ഥാന്റെ പരാജയം

നാം കാണുന്നത്. ജനാധിപത്യത്തിൽ നിന്ന് ഏകാധിപത്യത്തിലേക്കും സൈനീകഭരണത്തിലേക്കും വഴിമാറി.

➢ ഇന്ത്യയുടെ ആത്മാവ് മതേതരത്വമാണ്. ഇന്നലെകളിൽ വ്യത്യസ്ത മത ആദർശങ്ങൾ പരസ്പരം മാനിച്ചുകൊണ്ട് കഴിഞ്ഞുകൂടിയ രാജ്യമാണിത്. ഹിന്ദു, ബുദ്ധ, ജൈനമതങ്ങൾ ഇവിടെ വളർന്നുവന്നു. ക്രിസ്തു, ജൂത, സിഖ് മതങ്ങളും പകയില്ലാതെ നിലനിന്നുവന്നു. മതപരമായ വഴക്കില്ലാതെ സ്നേഹിച്ച് ജീവിച്ചവരായിരുന്നു മുൻഗാമികൾ.

➢ ഇസ്‌ലാമിന് പൊക്കിൾക്കൊടി ബന്ധമാണ് ഈ രാജ്യവുമായി ഉള്ളത്. *ആദം (അ) സ്വർഗ്ഗത്തിൽ നിന്ന് വന്നിറങ്ങിയത് ഇവിടെയാണ്.

﴿قُلْنَا اهْبِطُوا مِنْهَا جَمِيعًا﴾ فَهَبَطُوا فَنَزَلَ آدَمُ بِالْهِنْدِ (ابن كثير)

عَنِ ابْنِ عَبَّاسٍ قَالَ : أُهْبِطَ آدَمُ عَلَيْهِ السَّلَامُ بِالْهِنْدِ (طبري)

عَنْ عَلِيٍّ قَالَ :خَيْرُ وَادِيَيْنِ فِي النَّاسِ ذِي مَكَّةَ ، وَوَادٍ فِي الْهِنْدِ هَبَطَ بِهِ آدَمُ صَلَّى اللَّهُ عَلَيْهِ وَسَلَّمَ (مصنف عبد الرزاق)

ഇവിടെ നിന്ന് 40 വർഷം അദ്ദേഹം ഹജ്ജിന് പോയി.(ഫത്ഹുൽ മുഈൻ) അത്ര ദീർഘകാലബന്ധം ഉണ്ടായിരുന്നു.

* നൂഹ് (അ) യുടെ കാലത്ത് ഇവിടെ ഇസ്‌ലാം നിലനിന്നിരുന്നു. മുസ്‌ലീംകൾ ഉണ്ടായിരുന്നു. (അബുൽ കലാം ആസാദ് ചരിത്ര ഗവേഷണത്തിൽ ഇക്കാര്യം സമർത്ഥിച്ചിട്ടുണ്ട്.)

* നബി(സ്വ) മദീനയിൽ ജീവിച്ചിരുന്ന കാലത്ത് ചേരമാൻ പെരുമാൾ ഇസ്‌ലാം സ്വീകരിച്ചു.

*പിന്നീട് മാലിക്ക് ഇബ്നു ദീനാർ (റ) ന്റെ നേതൃത്വത്തിൽ വിപുലമായ ഇസ് ലാമിക പ്രബോധനം നടന്നു.

➢ ഈ കാലയളവിലൊന്നും ഇവിടെ മത അസഹിഷ്ണുത ഉണ്ടായിട്ടില്ല. ഈസാനബി(അ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു.

وَقَالَتِ النَّصَارَى الْمَسِيحُ ابْنُ اللَّهِ ۖ

ജാരസന്തതിയാണെന്ന് ജൂതന്മാർ വിശ്വസിക്കുന്നു. (മആദല്ലാഹ്) ഉയർന്ന പ്രവാചകനാണെന്ന് മുസ്‌ലീംകൾ വിശ്വസിക്കുന്നു.

യും ഗൗരവ വീക്ഷണ വ്യത്യാസമുള്ള മതക്കാർ പക്ഷേ അയൽവാസികളായി സ്നേഹത്തോടെ ജീവിച്ചു. ഒരിക്കലും മതസംഘർഷം ഉണ്ടായിട്ടില്ല.

➢ 800 വർഷം ഇവിടെ മുസ്‌ലിംകൾ ഭരണം നടത്തി. അവരാരും ഇന്ത്യയെ ഇസ്‌ലാമിക രാഷ്ട്രമാക്കിയില്ല. അവർ ഉയർത്തിപ്പിടിച്ചതും മതേതരത്വമാണ്. ഉദാ: ടിപ്പു സുൽത്താൻ (റ). അദ്ദേഹം ഔലിയാക്കളിൽ ഉന്നതനായ ''ഖുതുബ്'' ആയിരുന്നുവെന്നും താടിയും തഹജ്ജുദും പതിവാക്കിയ സൂഫിയായിരുന്നുവെന്നും ഹുസൈൻ അഹ്മദ് മദനി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രീരംഗപട്ടണത്തെ കൊട്ടാര വളപ്പിൽ ജുമാമസ്ജിദും ശ്രീരംഗനാഥ ക്ഷേത്രവും അടുത്തടുത്ത് ഇന്നും കാണാം. അദ്ദേഹത്തിന്റ് സൈന്യാധിപൻ പൂർണ്ണയ്യ ആയിരുന്നു. ഇതെല്ലാം മതേതര നിലപാടിന്റെ തെളിവുകളാണ്.

ഹിന്ദുക്ഷേത്രങ്ങൾക്ക് കരം പോലും ഒഴിവാക്കി ആയിരക്കണക്കിന് ഏക്കർ സ്ഥലം അദ്ദേഹം വിട്ടുകൊടുത്തു. അത്തരം 60 ക്ഷേത്രത്തിന്റെ ലിസ്റ്റ് കോഴിക്കോട് നാഷണൽ ആർക്കവൈവസിൽ ഇന്നും ഉണ്ട്. (അവലംബം ഡോ. സി.കെ. കെരീം)

വടക്കേന്ത്യയിൽ മുസ്‌ലിംകൾ 800 വർഷം ഭരിച്ചിട്ടും അവിടെ മുസ്‌ലിംകൾ ന്യൂനപക്ഷമായി. അവർ ആരും ഇസ്‌ലാമിക രാഷ്ട്രം ഉണ്ടാക്കിയില്ല. ഇതും ഇന്ത്യയുടെ മതേതര പാരമ്പര്യത്തിന്റെ തെളിവാണ്.

➢ ഇതിന് വിരുദ്ധമായി മതങ്ങളെ തെറ്റിച്ചത് ബ്രിട്ടീഷ്കാരുടെ ഭിന്നിപ്പിച്ച് ഭരിക്കൽ തന്ത്രമായിരുന്നു. അവർക്കെതിരെ രാജ്യത്തെ ജനം ഒന്നിച്ച് പോരാടി. ഗാന്ധി, മുഹമ്മദലി, നെഹ്റു, ആസാദ് തുടങ്ങിയവർ ഉദാഹരണം.

തുർക്കിയിലെ ഉസ്മാനിയ്യ ഖിലാഫത്ത് പിരിച്ചുവിട്ടതിനെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിലാണ് ഖിലാഫത്ത് പ്രക്ഷോഭം നടന്നത്. ഇത് മതേതര ഇന്ത്യയുടെ വ്യക്തമായ മുഖമാണ്.

➤ ഇന്ന് 70 വർഷം പൂർത്തിയാകുമ്പോൾ മതേതരത്വത്തിന്റെ മേൽ ഹിന്ദുത്വ മതാധിപത്യം മേൽകൈനേടാൻ ശ്രമിക്കുന്ന കാഴ്ചയാണ് കാണുന്നത്. ഇത് ഇന്ത്യയുടെ ആത്മാവിനെ തകർക്കും.

➤ നാം ചെയ്യേണ്ടത്: 1. എല്ലാ നിലക്കും മതേതരത്വത്തെ ശക്തിപ്പെടുത്തുക. നബി(സ്വ) മദീനയിൽ എത്തിയപ്പോൾ ജൂത ക്രിസ്ത്രീയരുമായി കരാർ ഉണ്ടാക്കി. ഇത് മാതൃകയാണ്.

➤ 2. ഇസ്‌ലാമിക അസ്തിത്വത്തിൽ ഉറച്ച് മുന്നേറുക. നിരാശപ്പെടേണ്ടതില്ല. ഭൂരിപക്ഷ, ന്യൂനപക്ഷമൊന്നും അല്ലാഹുവിന് വിഷയമല്ല.

كَم مِّن فِئَةٍ قَلِيلَةٍ غَلَبَتْ فِئَةً كَثِيرَةً بِإِذْنِ اللَّهِ ۗ﴿البقرة: ٢٤٩﴾

തിന്മക്കെതിരെ ജനകീയ പ്രതിരോധം ഉയരാതിരിക്കില്ല.

وَلَوْلَا دَفْعُ اللَّهِ النَّاسَ بَعْضَهُم بِبَعْضٍ لَّفَسَدَتِ الْأَرْضُ وَلَٰكِنَّ اللَّهَ ذُو فَضْلٍ عَلَى الْعَالَمِينَ﴿البقرة: ٢٥١﴾

➤ 3. പ്രാർത്ഥന മുറുകെ പിടിക്കുക. വിശ്വാസിയുടെ ആയുധം ദുആയാണ്. അത് കൈവിടാതിരിക്കുക. അപകടത്തിൽപ്പെട്ട ശേഷമല്ല നേരത്തെ ദുആ ചെയ്യുക

➤ 4. സമുദായം സംഘടന, രാഷ്ട്രീയ വൈരാഗ്യം വെടിഞ്ഞ് ഐക്യപ്പെടുക. പരസ്പരം ശത്രുതയും ദ്രോഹവും ഇനിയും ഉപേക്ഷിക്കാൻ തയ്യാറായില്ലെങ്കിൽ ശത്രുക്കൾക്ക് മുമ്പേ നാം തന്നെ ഈ സമുദായത്തെ നശിപ്പിക്കും.

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: لا تَحَاسَدُوا، وَلا تَنَاجَشُوا، وَلا تَبَاغَضُوا، وَلا تَدَابَرُوا، وَلا يَبِعْ بَعْضُكُمْ عَلَى بَيْعِ بَعْضٍ، وَكُونُوا عِبَادَ اللَّهِ إِخْوَانًا. (مُسْلِمٌ)

■